പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3636 10.4.2013 ൽ മറുപടിയ്ക്ക്

ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി

ചോദ്യം മറുപടി

ശ്രീ.ഇ.പി.ജയരാജൻ ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽപ്പെട്ടവരും വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും താൽക്കാലികമായ സേവനം നോക്കിയിരുന്ന വരുമായവരെ സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ടോ; | (എ) 16.8.99 മുതൽ 31.12.2001 വരെയുള്ള കാലഘട്ടത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം നേടിയിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്. |
| (ബി) കുറഞ്ഞത് എത്ര കാലം ജോലി നോക്കിയവരെയാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) മേല്പറഞ്ഞ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 179 ദിവസം ജോലി ചെയ്തിട്ടുള്ള അംഗപരിമിതരെയാണ് ചില വ്യവസ്ഥകൾക്കു വിധേയമായി സ്ഥിരപ്പെടുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| (സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിക്കായി കത്തെഴുതുകയുണ്ടായോ; എന്തു മറുപടിയാണ് ലഭിച്ചത്; | (സി) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് 15.12.2012 ന് കത്തയച്ചിരുന്നു. എന്നാൽ വികലാംഗ സംവരണ ഒഴിവുകൾ 15.12.2012 ലെ സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം നികത്തുന്ന പക്ഷം കമ്മീഷൻ വികലാംഗർക്ക് 3% സംവരണം കൃത്യമായി നൽകുന്ന വിധത്തിൽ ആവിഷ്കരിച്ച നിയമന നടപടികളാകെ അപ്രസക്തമാകുന്ന സാഹചര്യമുണ്ടാകുമെന്നും അതിനാൽ കമ്മീഷന് യഥാവിധി റിപ്പോർട്ട് ചെയ്യപ്പെട്ട നിയമന നടപടികൾ സ്വീകരിച്ചു വരുന്ന വികലാംഗ സംവരണ ഒഴിവുകൾ മറ്റു രീതിയിൽ നികത്തുന്നതു സംബന്ധിച്ച സർക്കാർ നിർദ്ദേശം അംഗീകരിക്കേണ്ടതില്ലായെന്ന് കമ്മീഷൻ തീരുമാനിച്ച വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (ഡി) പി.എസ്.സി ഇപ്പോൾ എടുത്തിട്ടുള്ള നിലപാട് പുനഃപരിശോധിക്കണമെന്ന് പി.എസ്.സിയോട് അഭ്യർത്ഥിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (ഇ) എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്നു വ്യക്തമാക്കുമോ? | (ഇ) ഏകദേശം 1953 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്നതാണ് സർക്കാരിന്റെ പ്രതീക്ഷ. |

സെക്ഷൻ ഓഫീസർ